## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2864**      **13.03.2018 ൽ മറുപടിയ്ക്ക്**

## ജൈവകൃഷി നയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സി.ജോസഫ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) സംസ്ഥാനത്ത് ജൈവകൃഷി നയം രൂപീകരിച്ചിട്ടുണ്ടോ;

എ) ഉണ്ട്.

ബി) എങ്കിൽ സംസ്ഥാനത്തെ കാർഷികമേഖലയുടെ വികസനത്തിനും അഭിവൃദ്ധിയ്ക്കും ഉതകുന്ന എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ബി) ജൈവകൃഷി നയത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയുടെ വികസനത്തിനും അഭിവൃദ്ധിക്കും ഉതകുന്ന ചുവടെ വിവരിക്കുന്ന കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. കൃഷിയെ സുസ്ഥിരവും ലാഭകരവും മാന്യവുമായ ഒരു തൊഴിൽ സംസ്കാരമായി വളർത്തുക.
2. മണ്ണിന്റെ സഹജമായ പോഷക ഗുണങ്ങളും ഉൽപാദനക്ഷമതയും ഉയർത്തുക, ജലം - മണ്ണ് സംരക്ഷണം ഉറപ്പ് വരുത്തുക.
3. കാർഷിക ജൈവ സുരക്ഷിതത്വവും ഭക്ഷ്യ, പോഷകഗുണ സുരക്ഷിതത്വവും ഉറപ്പാക്കുക, കർഷകരുടെ നിയന്ത്രണത്തിൽ ജൈവ കാർഷികകോൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി രൂപപ്പെടുത്തുകയും ഉറപ്പ വരുത്തുകയും ചെയ്യുക.
4. കാർഷിക രാസവസ്തുക്കളുടേയും മാരകമായ മറ്റ് ഉൽപ്പന്നങ്ങളുടെയും ഉപയോഗം ഒഴിവാക്കുക, രാസ, വിഷ മുക്തമായ വെള്ളം, മണ്ണ്, ഭക്ഷണം എന്നിവ ഉറപ്പാക്കുക, വായു, വിത്ത്, ഭക്ഷണം എന്നിവയുടെ പരമാധികാരം ഉറപ്പ് വരുത്തുക, ജൈവവൈവിധ്യാധിഷ്ഠിതമായ പരിസ്ഥിതി സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കുക.
5. കൃഷിക്കുപയോഗിക്കുന്ന വസ്തുക്കളുടെയും കാർഷിക വിളകളുടെയും ഗുണനിലവാരം ഉറപ്പാക്കുക, സുസ്ഥിരമായ കാർഷിക ഭക്ഷ്യവസ്തുക്കളും മറ്റ് ഉൽപ്പന്നങ്ങളും

ലഭ്യമാക്കി മനുഷ്യന്റെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക

6. കൃഷിയുമായി ബന്ധപ്പെട്ട പാരമ്പര്യ അറിവുകൾ സംരക്ഷിക്കുകയും പ്രയോജനപ്പെ ടുത്തുകയും ചെയ്യുക.
7. അനുയോജ്യമായ വിളകളും പ്രദേശങ്ങളും കേന്ദ്രീകരിച്ച്, കൃഷിയോഗ്യമായ മൊത്തം ഭൂമിയിൽ ഓരോ വർഷവും കുറഞ്ഞത് 10 ശതമാനം എന്ന തോതിൽ പൂർണ്ണമായും ജൈവകൃഷിയിലേക്ക് പരിവർത്തനം ചെയ്ത് ഘട്ടം ഘട്ടമായി അഞ്ചു വർഷം മുതൽ 10 വർഷം കൊണ്ട് കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമാക്കി മാറ്റുക.

Mayap

**സെക്ഷൻ ഓഫീസർ**